കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് | 2018 ആഗസ്റ്റ് 03

കാസർകോട് | വെള്ളി

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## 'വിജയോത്സവം 2018' ഇന്ന്; മികച്ച വിജയം നേടിയ സ്കൂളുകൾക്കും വിദ്യാർഥികൾക്കും അനുമോദനം

എസ്എസ്എൽസി, പ്ലസ്ടു വിജയികളെ ആദരിക്കാൻ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ അനുമോദന ഇന്ന്(ആഗസ്റ്റ് 4) നടക്കും. 2017-18 അധ്യയന വർഷത്തിൽ ജില്ലയിൽ എസ്എസ്എൽസി, പ്ലസ്ടു തലങ്ങളിൽ 100 ശതമാനം വിജയം കരസ്ഥാമാക്കിയ സ്ക്കൂളുകളേയും, വിദ്യാർത്ഥികളേയും അനുമോദിക്കുന്ന 'വിജയോത്സവം 2018' ഇന്നുരാവിലെ 10.30ന് ജില്ലാ ആസൂത്രണ സമിതി ഹാളിൽ എൻ.എ.നെല്ലിക്കുന്ന് എംഎൽഎ ഉദ്ഘാടനം ചെയ്യും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികൾ സംബന്ധിക്കും.

## ശുചിത്വ പക്ഷാചരണത്തിനു തുടക്കമായി

സ്വച്ഛ് ഭാരത് അഭിയാന്റെ ഭാഗമായി നെഹ്റു യുവ കേന്ദ്ര സംഘടിപ്പിച്ച ശുചിത്വ പക്ഷാചരണത്തിനു തുടക്കമായി. കാസർകോട് കളക്ടറേറ്റ് പരിസരത്തു സംഘടിപ്പിച്ച ശുചിത്വ പ്രവർത്തനങ്ങൾ ജില്ല കളക്ടറുടെ ചുമതലയുള്ള എഡിഎം:എൻ.ദേവീദാസ് ഉദ്ഘാടനം ചെയ്തു. നെഹ്റു യുവ കേന്ദ്ര ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ എം അനിൽകുമാർ അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ നിനോജ് മേപ്പടിയത് ശുചിത്വ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ സി. രാധാകൃഷ്ണൻ, ഹരിതകേരളം കോർഡിനേറ്റർ സുബ്രമണ്യൻ, യുവജനക്ഷേമ ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ പ്രസീത, സുകുമാരൻ കുതിരപ്പടി, സുരാഗ് എന്നിവർ പ്രസംഗിച്ചു. ഗ്രേസി സ്വാഗതവും നവീൻകുമാർ നന്ദിയും പറഞ്ഞു. **ഫോട്ടോ അടിക്കുറിപ്പ്: എഡിഎം:-**

സ്വച്ഛതാ ദ്വൈവാരാചരണത്തിന്റെ ഭാഗമായി കാസർകോട് നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ കളക്ടറേറ്റ് പരിസരണം ശുചീകരിക്കുന്നതിന്റെ ഉദ്ഘാടനം എഡിഎം:എൻ.ദേവീദാസ് ഉദ്ഘാടനം ചെയ്യുന്നു.

## മാറ്റിവച്ച പിഎസ്സി പരീക്ഷകൾ നാളെ

നിപ്പാ വൈറസ് പനിയുടെ സാഹചര്യത്തിൽ 2018 ജൂൺ ഒൻപതിന് മാറ്റിവച്ച കെഎസ്എഫ്ഇ, കെഎസ്ഇബി, കെൽട്രോൺ ലിമിറ്റഡ്, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിലെ ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ, അസിസ്റ്റന്റ് ഗ്രേഡ് 2, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ തസ്തികകളിലേക്കുള്ള ഒ.എം.ആർ പൊതുപരീക്ഷ നാളെ (ആഗസ്റ്റ് 5) ഉച്ചയ്ക്ക് 1.30 മുതൽ 3.15 മണി വരെ നടത്തും. പരീക്ഷാ കേന്ദ്രങ്ങൾക്കും ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾക്കും മാറ്റമില്ല. ഉദ്യോഗാർത്ഥികൾ ഡൗലോഡ് ചെയ്ത ഹാൾടിക്കറ്റ്, കമ്മീഷൻ നിഷ്കർഷിക്കുന്ന ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ അസൽ എന്നിവ സഹിതം പരീക്ഷയ്ക്ക് ഹാജരാകണമെന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ അറിയിച്ചു.

(തുടരും)

# മാനസികാരോഗ്യം ആയുർവേദത്തിലൂടെ

പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രിയിൽ, ഭാരതീയ ചികിത്സാ വകുപ്പിന്റെ (ഐഎസ്എം )ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന മാനസികാരോഗ്യം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന അസുഖങ്ങൾക്ക് ആവശ്യമായ ചികിത്സയും കൗസലിംഗും നൽകുന്നു. മുതിർന്നവരിലെ ഓർമ്മക്കുറവ്, ഉത്കണ്ഠ, അകാരണഭയം, ഉറക്കക്കുറവ്, വിഷാദരോഗം, ദേഷ്യം, അപസ്മാരം, ആത്മഹത്യാ പ്രവണത, പുകവലി, മദ്യപാനം മുതലായ ലഹരി വസ്തുക്കളോടുള്ള ആസക്തി, ലൈംഗീക പരമായുള്ള വൈകല്യങ്ങൾ,സ്കിസോഫ്രീനിയ, മൂഡ് ഡിസോർഡർ തുടങ്ങിയവയ്ക്കും കുട്ടികളിലെ പഠന വൈകല്യം, സ്വഭാവ ദൂഷ്യങ്ങൾ, അമിതമായുണ്ടാകുന്ന വാശി, അപസ്മാരം, ഓട്ടിസം തുടങ്ങിയവയ്ക്കും ചികിത്സ നൽകും ഫോൺ: 0467-203277

# ഓണാഘോഷം; വ്യാജമദ്യം തടയാൻ എക്സൈസ് രംഗത്ത്

ഓണാഘോഷത്തോടനുബന്ധിച്ച് വ്യാജവാറ്റും വ്യാജമദ്യവിണനവും വർധിക്കുവാൻ സാധ്യയുള്ളതിനാൽ ജില്ലയിൽ എക്സൈസ് വിഭാഗം കൺട്രോൾ റൂമുകൾ തുറന്നു. സ്പിരിറ്റ്, വിദേശമദ്യം എന്നിവയുടെ കളളക്കടത്ത്, ചാരായം, കളള് കടത്ത്, സ്പിരിറ്റ് ചാരായമായും നിറം കലർത്തി വിദേശമദ്യമായും ഉപയോഗിക്കൽ, കളളിൽ കലർത്തി വീര്യം കൂട്ടൽ എന്നീ പ്രവർത്തനങ്ങൾ നടക്കുവാൻ ഓണാഘോഷത്തോടനുബന്ധിച്ച് സാധ്യതയുണ്ടെന്ന് എക്സൈസ് വിഭാഗം വിലയിരുത്തുന്നു. മാത്രമല്ല വ്യജമായ ആയുർവേദ ഉത്പന്നങ്ങൾ അരിഷ്ടാസവങ്ങൾ എന്ന പേരിൽ വിൽക്കുവാനും മദ്യത്തിന്റെ ഉൽപ്പാദനം, വിതരണം, വിപണനം എന്നിവ വർധിക്കുവാനുള്ള സാഹചര്യം നിലവിലുണ്ട്. ഇതു തടയുന്നതിന് തീവ്രയത്ന എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി കാസർകോട് ഡിവിഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും, കാസർകോട്, ഹോസ്ദുർഗ് സർക്കിൾ ഓഫീസുകളിൽ ഓരോ സ്ട്രൈക്കിംഗ് ഫോഴ്സും ആരംഭിച്ചു. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കുമെന്നും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു. എക്സൈസ് വകുപ്പിന്റെ ടോൾ ഫ്രീ നമ്പറും, കീഴ് ഓഫീസുകളുടെ ഫോൺ നമ്പറും ചുവടെ ചേർക്കുന്നു.

ടോൾ ഫ്രീ നമ്പർ :- 155355

എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് :-04994257060

എക്സൈസ് സർക്കിൾ ഓഫീസ് ഹോസ്ദുർഗ്ഗ്:- 04672204125

എക്സൈസ് സർക്കിൾ ഓഫീസ് കാസർകോട് :- 04994255332

എക്സൈസ് സർക്കിൾ ഓഫീസ് വെള്ളരിക്കുണ്ട് :- 04672245100

എക്സൈസ് റെയിഞ്ച് ഓഫീസ് നീലേശ്വരം :- 04672283174

എക്സൈസ് റെയിഞ്ച് ഓഫീസ് ഹോസ്ദുർഗ്ഗ് :-04672204533

എക്സൈസ് റെയിഞ്ച് ഓഫീസ് കാസർകോട് :-04994257541

എക്സൈസ് റെയിഞ്ച് ഓഫീസ് കുമ്പള :-04998213837

എക്സൈസ് റെയിഞ്ച് ഓഫീസ് ബന്തഡുക്ക:- 04994205364

എക്സൈസ് റെയിഞ്ച് ഓഫീസ് ബദിയടുക്ക:- 04994261950

# എൽ.ബി.എസിൽ സ്പോട്ട് അഡ്മിഷൻ

കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിൽ ഒന്നാം വർഷ ബി.ടെക് കോഴ്സിന് എല്ലാ ബ്രാഞ്ചുകളിലേക്കും സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കേരള എൻട്രൻസ് 2018 പാസായിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആഗസ്റ്റ് ആറിന് രാവിലെ 11ന് കോളേജ് ഓഫീസിലെത്തി നേരിട്ട് പ്രവേശനം നേടാം. താൽപര്യമുള്ള വിദ്യാർത്ഥികൾ ബന്ധപ്പെട്ട എല്ലാ അസൽ സർട്ടിഫിക്കറ്റുകളും, എൻട്രൻസ് റാങ്ക് സർട്ടിഫിക്കറ്റും, ആറ് മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോയും ഫീസുമായി നേരിൽ ഹാജരാകണം. ഫോൺ: 04994-250290, 250555

(തുടരും)

# ഇടുക്കി എൻജിനിയറിംഗ് കോളേജിൽ ക്ലാസുകൾ ആറുമുതൽ

ഇടുക്കി സർക്കാർ എൻജിനീയറിംഗ് കോളേജിൽ ഒന്നാം വർഷ ബി.ടെക്, എം.ടെക് ക്ലാസുകൾ ഈ മാസം ആറിന് തുടങ്ങുമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഒന്നാം വർഷ ബി.ടെക്, എം.ടെക് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായി ചെറുതോണിയിൽ പഞ്ചായത്ത് ടൗൺ ഹാളിൽ രാവിലെ 10 ന് നടത്തുന്ന പ്രത്യേക ഓറിയന്റേഷൻ പരിപാടിയിൽ ഒന്നാം വർഷ വിദ്യാർത്ഥികളും രക്ഷിതാക്കളും പങ്കെടുക്കണം.

# വാഹനലേലം

കാഞ്ഞങ്ങാട് നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെഎൽ 60 എ 1926 നമ്പർ വാഹനം ഈ മാസം 18ന് നഗരസഭാകാര്യാലയത്തിൽ ലേലംചെയ്യും. വിശദാംശങ്ങൾക്ക് നഗരസഭ ഓഫീസുമായി ബന്ധപ്പെടണമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു. ഫോൺ: 04672204530

# ലാബ് ടെക്നീഷ്യൻ നിയമനം

കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന സി.എച്ച്.സി ബേഡഡുക്കയിലേക്ക് ലാബ് ടെക്നീഷ്യനെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നു. താൽപ്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുമായി ഈ മാസം 13ന് രാവിലെ 10ന് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് ഹാജരാകണമെന്ന് സെക്രട്ടറി അറിയിച്ചു. ഫോൺ: സി.എച്ച്.സി ബേഡഡുക്ക- 04994-211015, കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് - 04994-260249

# ഐ.ടി.ഐ പ്രവേശനത്തിന് തീയതി നീട്ടി

ഭീമനടിയിൽ പ്രവർത്തിക്കുന്ന ബേബി ജോൺ മെമ്മോറിയൽ ഗവ.വനിതാ ഐ.ടി.ഐയിൽ ഈ മാസം ആരംഭിക്കുന്ന എസ്.സി.വി.ടി കോഴ്സുകളായ ഡെസ്ക് ടോപ്പ് പബ്ലീഷിംഗ് ഓപ്പറേറ്റർ, ഫാഷൻ ഡിസൈൻ ടെക്നോളജി-(ഒരു വർഷംവീതം) ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി യോഗ്യതയുള്ള പെൺകുട്ടികൾക്ക് ഈ മാസം 10 വരെ അപേക്ഷ സമർപ്പിക്കാം. ഫോൺ: 04672 341 666

# പ്ലസ് വൺ തുല്യത രജിസ്ട്രേഷൻ

സംസ്ഥാന സാക്ഷരതാമിഷൻ പൊതുവിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന 10-ാം ക്ലാസ്, പ്ലസ് വൺ തുല്ല്യതയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. കന്നഡ മീഡിയത്തിലും, മലയാളം മീഡിയത്തിലും രജിസ്ട്രേഷൻ നടത്തും. കാസർകോട് നഗരസഭ പ്രദേശത്തുള്ളവർക്ക് കോഴ്സ്ഫീസ് സൗജന്യം.ഫോൺ: 9544090169

# അപേക്ഷാ തീയതി നീട്ടി

കോഴിക്കോട് ഇംഹാൻസിൽ പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്യാട്രിക് നഴ്സിംഗ് കോഴ്സിലേക്ക് അപേക്ഷിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 15 ലേക്ക് നീട്ടി. യോഗ്യത ജനറൽ നഴ്സിംഗ്,ബി.എസ്.സി നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് ബിരുദം. അപേക്ഷ ഫോറം ഇംഹാൻസ് ഓഫീസിൽ നിന്ന് നേരിട്ടും www.imhans.org എന്ന വെബ്സൈറ്റ് വഴിയും ലഭിക്കും. ഫോൺ: 9605770068, 8593985805.

# ആട് വളർത്തൽ പരിശീലനം

കണ്ണൂർ ജില്ലാ മൃഗാശുപത്രീ കാമ്പസിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ ഈ മാസം 8, 9 തീയതികളിൽ ആട് വളർത്തൽ പരിശീലനം നൽകും. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ആറിന് രാവിലെ 10 മുതൽ പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് പ്രിൻസിപ്പിൽ ട്രെയിനിംസ് ഓഫീസർ അറിയിച്ചു. മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്ക് മാത്രമേ ക്ലാസിൽ പ്രവേശനം ലഭിക്കൂ. ഫോൺ: 04972-763473

# എൽ.ബി.എസ്.സെന്ററിൽ ദീർഘകാല കോഴ്സ്

(തുടരും)

കേരള സർക്കാർ നിയന്ത്രണത്തിലുള്ള എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കാസർകോട്, കാഞ്ഞങ്ങാട് കേന്ദ്രങ്ങളിൽ ഈ മാസം 16ന് ആരംഭിക്കുന്ന ഒരു വർഷം ദൈർഘ്യമുള്ള പി.ജി.ഡി.സി. എ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത : ഡിഗ്രി. എസ് സി, എസ് ടി, ഒ ഇ സി കുട്ടികൾക്ക് നിയമാനിസൃതമായ ഫീസാനുല്യം ലഭിക്കും.വിശദ വിവരങ്ങൾക്ക് എൽ.ബി.എസ് കേന്ദ്രങ്ങളുമായി നേരിട്ട് ബന്ധപ്പെടുക.എൽ.ബി.എസ്. സബ് സെന്റർ കാസർകോട് (മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ്,പഴയ ബസ്സ്റ്റാൻഡ്, കാസർകോട്. ഫോൺ : 04994 221011, എൽ.ബി.എസ്.സബ് സെന്റർ, കാഞ്ഞങ്ങാട്(പ്രണവ് ആർക്കേഡ്, കാഞ്ഞങ്ങാട് ഫോൺ : 04672 201422

# മലമ്പനിയെ കരുതിയിരിക്കുക...

കൊതുകുജന്യ രോഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മലമ്പനി. പ്ലാസ്മോഡിയം, പ്ളാസ്മോഡിയം വൈവാക്സ് , പ്ലാസ്മോഡിയം ഫ്ളാസിപാരം, പ്ലാസ്മോഡിയം മലേറിയ എന്നീ ഏകകോശജീവികൾ ആണ് ഈ രോഗത്തിന് കാരണമാകുന്നത്. അനോഫലസ് വിഭാഗത്തിൽപ്പെട്ട പെൺകൊതുകുകളാണ് രാത്രിസമയത്ത് മനുഷ്യരിൽ മലമ്പനി രോഗം പരത്തുന്നത്. കൂടാതെ മലമ്പനി രോഗബാധയുള്ളയാളുടെ രക്തം സ്വീകരിക്കുന്നതിലൂടെയും രോഗബാധയുണ്ടാകാം. എന്നാൽ ഇത്തരം രോഗ പകർച്ച വളരെ വിരളമാണ്. അനോഫെലസ് കൊതുക് സാധാരണമായി രാത്രി സമയത്താണ് രക്തം കുടിക്കുന്നത്. അതിനാൽ രാത്രികാലങ്ങളിലാണ് രോഗസംക്രമണം നടക്കുന്നത്. കൊതുകിന്റെ ഉമിനീർ ഗ്രന്ഥികൾ വഴി മലേറിയ രോഗാണുക്കൾ മനുഷ്യ ശരീരത്തിൽ കടക്കുന്നു. അതിന് ശേഷം കരളിൽ പ്രവേശിക്കുന്ന രോഗാണുക്കൾ ഒരാഴ്ചയ്ക്കുശേഷം രക്തത്തിലെ ചുവന്ന കോശങ്ങളെ ആക്രമിക്കുകയും രോഗിയിൽ മലമ്പനിയുടെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു.

## രോഗലക്ഷണങ്ങൾ

രോഗാണു ശരീരത്തിൽ പ്രവേശിച്ച് 9-14 ദിവസത്തിനകം മലമ്പനിയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങും. ഇടവിട്ടുള്ള ശക്തിയായ പനി, വിറയൽ, പനി മാറുമ്പോഴുള്ള അമിതമായ വിയർപ്പ്, തലവേദന, ഓക്കാനം, ഛർദ്ദി, വയറിളക്കം എന്നിവയാണ് സാധാരണ കണ്ടു വരുന്നത്. യഥാസമയം കണ്ടെത്തി ശരിയായ ചികിത്സ നൽകിയില്ലെങ്കിൽ മലമ്പനി മരണകാരണമാകാം. ക്രമേണ വിളർച്ചയും, കരൾ, പ്ലീഹ മുതലായവയുടെ വീക്കവും സാധാരണമാണ്.

## രക്ത പരിശോധനയിലുടെ മലമ്പനി രോഗം നിർണ്ണയിക്കാം

മറ്റ് സംസ്ഥാനങ്ങളിൽ താമസിച്ച് കേരളത്തിലേക്ക് തിരിച്ചു വരുന്നവരിലും ഇതര സംസ്ഥാന തൊഴിലാളികളിലും പനിയുണ്ടാകുമ്പോൾ രക്ത പരിശോധന നടത്തി മലമ്പനിയല്ല എന്ന് ഉറപ്പു വരുത്തണം. ഇത്തരത്തിലുള്ള രോഗനിർണ്ണയം വളരെ ലളിതവും കൃത്യവുമാണ്. ജില്ലയിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യകേന്ദ്രം, നഗരാരോഗ്യകേന്ദ്രം, താലുക്കാശുപത്രി, ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ഇതിനുള്ള സൗകര്യമുണ്ട്. സമൂഹത്തിൽ നിന്നും രോഗമുള്ളവരെ അതിവേഗം കണ്ടെത്തി, ശരിയായ ചികിത്സ കാലതാമസം കൂടാതെ നൽകുന്നതിലൂടെ രോഗ സംക്രമണം തടയാൻ സാധിക്കും.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• സംയോജിത പ്രാണി നിയന്ത്രണ പരിപാടികളാണ് കൊതുകു നിയന്ത്രണത്തിന് നടപ്പിലാക്കേണ്ടത്.

• ഒഴിവാക്കാവുന്ന വെള്ളക്കെട്ടുകൾ ഒഴിവാക്കുക.

• വീട്ടിലുള്ള ജലസംഭരണികൾ വല ഉപയോഗിച്ച് അടച്ചുവക്കുകയോ , വെള്ളം ആഴ്ചയിൽ ഒരു ദിവസം ഒഴുക്കിക്കളകയോ ചെയ്യുക.

• കെട്ടികിടക്കുന്ന വെള്ളത്തിൽ കൂത്താടിനാശിനി തളിക്കുകയോ ഗപ്പി പോലുള്ള മത്സങ്ങളെ നിക്ഷേപിക്കുകയോ ചെയ്യുക.

• മലമ്പനി പിടിപെട്ട സ്ഥലങ്ങളിലും പിടിപെടാൻ സാധ്യതയുള്ള സ്ഥലങ്ങളിലും വീടുകളിൽ ഐആർഎസ് ചെയ്യുന്നതിന് ആരോഗ്യപ്രവർത്തകരുമായി ബന്ധപെടുക

(തുടരും)

• കൊതുകടിയേൽക്കാതിരിക്കാനായി ശരീരം മൂടുന്ന വസ്ത്രങ്ങൾ ധരിക്കുക

• രാത്രികാലങ്ങളിൽ പുറത്തുകിടക്കാതെ കൊതുകു വലയ്ക്കുള്ളിൽ കിടന്നുറങ്ങുക.

• കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ, കൊതുക് തിരി തുടങ്ങിയ വ്യക്തിഗത സുരക്ഷ മാർഗങ്ങൾ സ്വീകരിക്കുക.

• എയർഹോൾ വാതിലുകൾ, ജനലുകൾ എന്നിവിടങ്ങളിൽ കൊതകു കടക്കാത്ത വിധം കമ്പി വല അടിച്ച് സുരക്ഷിതമാക്കുന്നതും വളരെ ഫലപ്രദമാണ്.

## രോഗചികിത്സ

ആധുനിക വൈദ്യശാസ്ത്രത്തിൽ മലമ്പനിക്ക് ഫലപ്രദമായ ചികിത്സയുണ്ട്. മൂന്നു ദിവസം മുതൽ 14 ദിവസം വരെ നീണ്ടുനിൽക്കുന്ന സമ്പൂർണ ചികിത്സ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സൗജന്യമായി ലഭ്യമാണ്. മലമ്പനിക്കായുള്ള സമ്പൂർണ ചികിത്സ ഒരു ഡോക്ടറുടെയോ ആരോഗ്യ പ്രവർത്തകരുടെയോ നിർദേശ പ്രകാരം മാത്രം സ്വീകരിക്കുക.

## വായനമത്സരം-2018 നാളെ

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആഭിമുഖ്യത്തിൽ നടത്തുന്ന അഖിലകേരള വായനമത്സരം, യു.പി വായനമത്സരത്തിന്റെ താലൂക്ക്തല വായനാമത്സരം നാളെ (ആഗസ്റ്റ് 5) രണ്ടു മുതൽ കാസർകോട് ഗവ. ഹൈസ്കൂളിൽ നടക്കും. വിദ്യാർത്ഥികൾ ഐഡന്റിറ്റി കാർഡുമായി 1.30 ന് എത്തിച്ചേരണം.

## സാമൂഹ്യനീതി വകുപ്പ് 'പരിരക്ഷ' പദ്ധതി നടപ്പാക്കുന്നു

40 ശതമാനത്തിന് മുകളിൽ വൈകല്യമുള്ളവർക്കും വൈകല്യ സർട്ടിഫിക്കറ്റ് ഉള്ളവർക്കും വളരെ അത്യാവശ്യ ഘട്ടങ്ങളിൽ അടിയന്തര പ്രാഥമിക ശുശ്രൂഷ നൽകൽ, അടിയന്തര ശസ്ത്രക്രിയ, ആംബുലൻസ് സേവനം, പ്രകൃതി ദുരന്തം മൂലം അടിയന്തര വൈദ്യസഹായം, ഗുരുതരമായ പൊള്ളലേൽക്കൽ തുടങ്ങിയ സാഹചര്യങ്ങളിൽ സഹായധനം നൽകുന്നതിനായി 'പരിരക്ഷ' എന്ന പേരിൽ സാമൂഹ്യനീതി വകുപ്പ് പദ്ധതി നടപ്പാക്കുന്നു. അർഹതപ്പെട്ട ഗുണഭോക്താക്കൾ വൈകല്യസർട്ടിഫിക്കറ്റുകൾ സഹിതം കാസർകോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസുമായി ബന്ധപ്പെടണം.

**(അവസാനിച്ചു)**